ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീംകോടതിയിൽ ഇന്നും വാദം തുടരും.

   **The Supreme Court will continue hearing the petitions against the amendment to the Waqf Act today.**

2. നാഷണൽ ക്രിട്ടിക്കൽ മിനറൽ മിഷന്റെ ആഭിമുഖ്യത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖനി മന്ത്രാലയം പുറപ്പെടുവിച്ചു.

   **Ministry of Mines has issued guidelines for setting up of Centres of Excellence under the National Critical Mineral Mission.**

3. കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിന് ജൂൺ മുതൽ വിപുലമായ ക്യാമ്പെയ്ൻ ആരംഭിക്കും.

   **An extensive campaign will be launched from June to prevent the spread of drugs in Kerala.**

4. അന്ത്യ അത്താഴസ്മരണയിൽ ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കുന്നു.

   **Christian community around the world observe Maundy Thursday today in remembrance of the Last Supper.**

5. അമേരിക്കയുടെ അധിക തീരുവ പ്രഖ്യാപനത്തിൻറെ ഫലമായി ആഗോള വ്യാപാരം ഈ വർഷം കുറയുമെന്ന് ലോക വ്യാപാര സംഘടന.

**The World Trade Organization has predicted that global trade will fall this year as a result of tariffs by United States.**

6. **ഐ.എസ്.എസ്.എഫ് ലോക കപ്പ് ഷൂട്ടിംഗിൽ ഇന്ത്യക്ക് സ്വർണ്ണം. ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ സൂപ്പർ ഓവറിൽ പരാജയപ്പെടുത്തി.**

**ISSF World Cup Shooting, Indian pair clinched gold medal. In IPL T20, Delhi Capitals defeated Rajasthan Royals in a thrilling super over.**

************************

## SC WAQF LAW

വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീം കോടതിയിൽ ഇന്നും വാദം തുടരും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഉൾപ്പെട്ട മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. കോടതി വഴിയോ ഉപയോഗം വഴിയോ വഖഫായ സ്വത്തുക്കൾ വഖഫ് പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടില്ലെന്ന് ഇന്നലെ ഹർജികൾ പരിഗണിക്കവെ സുപ്രീംകോടതി നിരീക്ഷിച്ചു. കോടതി ഉന്നയിച്ച വാദങ്ങളിൽ തങ്ങളുടെ ഭാഗം സാധൂകരിക്കുന്ന വസ്തുതകൾ തയ്യാറാക്കാൻ കൂടുതൽ സമയം വേണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യം പരിഗണിച്ചാണ് ഇന്നും ഹർജിയിൽ വാദം തുടരാൻ തീരുമാനിച്ചത്.

************************

## OM BIRLA – COMMERCE

2047 ആകുമ്പോഴേക്കും ഇന്ത്യയെ പൂർണ്ണമായും വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള കേന്ദ്ര സർക്കാരിൻറെ ദൃഢനിശ്ചയത്തിൽ വ്യവസായ-വാണിജ്യ മേഖലകൾക്ക് നിർണായക പങ്കുണ്ടെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ന്യൂഡൽഹിയിൽ പിഎച്ച്ഡി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ 120-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുസ്ഥിരവും, എല്ലാവരെയും

ഉൾക്കൊള്ളുന്നതുമായ വികസന മാതൃക സ്വീകരിക്കാൻ വ്യവസായ മേഖലയോട് ശ്രീ ബിർള ആഹ്വാനം ചെയ്തു.

************************

## MODI – FINLAND PRESIDENT

ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം ശക്തമാക്കുന്നതിനും, സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അവസാനിപ്പിക്കുന്നതിനും ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ച് ഫിൻലൻഡ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബ് നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പിന്തുണ അറിയിച്ചത്. ഉക്രെയ്നിലെ സാഹചര്യം ഉൾപ്പെടെ ആഗോള, പ്രാദേശിക വിഷയങ്ങളിൽ ഇരു നേതാക്കളും അഭിപ്രായങ്ങൾ പങ്കുവെച്ചു.

************************

## GOYAL – CONCLAVE (INTRO)

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുമായി തുല്യവും സന്തുലിതവുമായ സ്വതന്ത്ര വ്യാപാര കരാറുകൾ സ്ഥാപിക്കാൻ കഴിയുന്ന രാജ്യങ്ങളുമായുള്ള ബന്ധം സർക്കാർ ശക്തിപ്പെടുത്തുകയാണെന്നും ശ്രീ പീയൂഷ് ഗോയൽ പറഞ്ഞു.

(വോയ്സ്)

************************

## MINES– GUIDELINES

നാഷണൽ ക്രിട്ടിക്കൽ മിനറൽ മിഷൻറെ ആഭിമുഖ്യത്തിൽ മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖനി മന്ത്രാലയം പുറപ്പെടുവിച്ചു. സുപ്രധാന ധാതുക്കളിൽ

ഗവേഷണവും സാങ്കേതിക വികസനവും നടത്തുക എന്ന പ്രധാന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഇത് സ്ഥാപിക്കുന്നത്. ഇലക്ട്രോണിക്സ്, പ്രതിരോധം, ബഹിരാകാശം, ശുദ്ധമായ ഊർജ്ജം, ചലനാത്മക പരിവർത്തനം, തുടങ്ങിയ മേഖലകൾക്ക് നിർണായക അസംസ്കൃത വസ്തുക്കൾ പ്രധാനമാണെന്ന് ഖനി മന്ത്രാലയം അറിയിച്ചു.

*************************

## ASHWINI - CONG

നാഷണൽ ഹെറാൾഡ് കേസിൽ കോൺഗ്രസ്, രാഷ്ട്രീയം കളിക്കുകയാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. സോണിയ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരെ ഇ.ഡി കുറ്റപത്രം സമർപ്പിച്ചതിനെത്തുടർന്ന് കോൺഗ്രസ് നടത്തിയ പ്രതിഷേധത്തെക്കുറിച്ച് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഇത് ഒരു രാഷ്ട്രീയ വിഷയമല്ലെന്നും, മറിച്ച് അഴിമതി കേസാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

*************************

## ED-ROBERT VADRA

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഇന്നും ചോദ്യം ചെയ്യും. വാദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്. കഴിഞ്ഞ രണ്ട് ദിവസമായി വാദ്രയെ ചോദ്യം ചെയ്യുകയാണ്.

*************************

## INDIA-RETAIL INFLATION

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ചില്ലറ വ്യാപാര മേഖലയിലെ പണപ്പെരുപ്പം 4.6 ശതമാനമായി കുറഞ്ഞു. ആറ് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണിത്. ഉപഭോക്തൃ വില

സൂചികയിലെ പണപ്പെരുപ്പ നിരക്ക് 3.34 ശതമാനമായി കുറഞ്ഞതായും ധനമന്ത്രാലയം അറിയിച്ചു.

*************************

## WTO TRADE FORECAST

അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ അധിക തീരുവ പ്രഖ്യാപനത്തിൻറെ ഫലമായി ഈ വർഷം ആഗോള വ്യാപാരം കുറയുമെന്ന് ലോക വ്യാപാര സംഘടന. ചൈനീസ് അമേരിക്കൻ സമ്പദ് വ്യവസ്ഥകൾ തമ്മിലുള്ള വ്യാപാരം 81 ശതമാനം കുറയുമെന്നും WTO ഡയറക്ടർ ജനറൽ എൻഗോസി ഒകോൻജോ ഇവാല വ്യക്തമാക്കി. ആഗോളവ്യാപാരം ഈ വർഷം 2.7 ശതമാനം വർധിക്കുമെന്നാണ് ഡബ്ല്യുടിഒ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, നിലവിലെ സാഹചര്യത്തിൽ, വ്യാപാരം 0.2 ശതമാനം കുറയുമെന്നാണ് വിലയിരുത്തൽ.

*************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

*************************

## CM-KERALA

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിന് ജൂൺ മാസം മുതൽ വിപുലമായ ക്യാമ്പെയ്ൻ ആരംഭിക്കും. ലഹരി വിരുദ്ധ ക്യാംമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന മതമേലധ്യക്ഷന്മാരുടെ യോഗത്തിനും സർവ്വകക്ഷിയോഗത്തിനും ശേഷമാണ് ഈ തീരുമാനം. ലഹരിക്കെതിരെ കേരളം ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

*************************

## MAUNDY THURSDAY

ലോകമെങ്ങുമുള്ള ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കും. കുരിശുമരണത്തിന് മുൻപായി യേശു തന്റെ ശിഷ്യന്മാരോടൊപ്പം അവസാന അത്താഴ വേളയിൽ അവരുടെ കാലുകൾ കഴുകിയതിന്റെ ഓർമ്മ പുതുക്കൽ കൂടിയാണ് പെസഹ. ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ ഇന്ന് പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും വീടുകളിൽ പെസഹാ അപ്പം മുറിക്കുന്ന ചടങ്ങും ഉണ്ടാകും.

*************************

## MANDAVIYA – IMEC ...(INTRO)

വൈദഗ്ധ്യമുള്ള മനുഷ്യ വിഭവ ശേഷിക്ക് രാജ്യത്ത് നൈപുണ്യ പരിശീലന വേദി ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈ ഇടനാഴിയിലൂടെ വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ പ്രയോജനം ലോകത്തിനാകെ നൽകാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയ്സ്)

*************************

## ISSF – SHOOTING

പെറുവിലെ ലിമയിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ലോക കപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് സ്വർണ്ണം. ഇന്ത്യൻ ജോഡിയായ ഇന്ദർ സിംഗ് സുരുച്ചിയും സൗരഭ് ചൗധരിയുമാണ് ചൈനീസ് ടീമിനെ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന സ്കീറ്റ് വനിതാ ഫൈനലിൽ ഇന്ത്യയുടെ റൈസ ധില്ലൺ മത്സരിക്കും.

*************************

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ സൂപ്പർ ഓവറിൽ പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ഡൽഹി 5 വിക്കറ്റ് നഷ്ടത്തിൽ 188 റൺസ് നേടി. സൂപ്പർ ഓവറിൽ രാജസ്ഥാൻ റോയൽസിനായി ഷിമ്രോൺ ഹെറ്റ്മെയറും റിയാൻ പരാഗും ഒരു പന്ത് ബാക്കി നിൽക്കെ 11 റൺസ് നേടി. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ ഇന്ന് മുംബൈ ഇന്ത്യൻസും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും.

************************

## MEA- OP BRAHMA

ഭൂകമ്പം വൻ നാശം വിതച്ച മ്യാൻമറിനുള്ള ഇന്ത്യയുടെ സഹായം ഓപ്പറേഷൻ ബ്രഹ്മയിലൂടെ തുടരുന്നു. ഇന്നലെ 50 ടൺ അവശ്യവസ്തുക്കൾ മ്യാൻമറിന് കൈമാറി. വൈദ്യസഹായം എത്തിക്കുന്നതിന് ഡോക്ടർമാരുടെ സംഘത്തെ വ്യോമസേനയുടെ C-17 വിമാനങ്ങളിൽ എത്തിച്ചിട്ടുണ്ടെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ 2519 പേർക്ക് ചികിത്സ ലഭ്യമാക്കി. കഴിഞ്ഞ മാസം 28 ന് ആരംഭിച്ച ഓപ്പറേഷൻ ബ്രഹ്മയിലൂടെ ഇതുവരെ മരുന്നുകൾ ഉൾപ്പെടെ 750 മെട്രിക് ടൺ അവശ്യ വസ്തുക്കൾ മ്യാൻമറിൽ എത്തിച്ചിട്ടുണ്ട്.

************************

## HEMOPHILIA DAY

ഇന്ന് ലോക ഹീമോഫിലിയ ദിനം. ഹീമോഫീലിയ, മറ്റ് രക്ത സംബന്ധമായ രോഗങ്ങൾ എന്നിവ സംബന്ധിച്ച അവബോധം നൽകുന്നതിനാണ് എല്ലാ വർഷവും ഏപ്രിൽ 17 ലോക ഹീമോഫിലിയ ദിനമായി ആചരിക്കുന്നത്.

************************

## WAVEX

മീഡിയ, എന്റർടൈൻമെന്റ് ടെക്നോളജി മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായുള്ള ഇന്ത്യയിലെ പ്രമുഖ പ്ലാറ്റ്ഫോമായ WAVEX 2025 ലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 21 വരെ നീട്ടി. വിപുലമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് യോഗ്യതാ മാനദണ്ഡങ്ങൾ വിപുലീകരിച്ചതായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. മെയ് 2, 3 തീയതികളിലാണ് WAVEX 2025 നടക്കുന്നത്.

************************

## CM – FILM AWARDS

ദേശീയ അന്തർദേശീയ തലങ്ങളിൽ മലയാള സിനിമയുടെ സാന്നിധ്യമറിയിച്ച സംവിധായകനും ഛായാഗ്രാഹകനുമാണ് ഷാജി എൻ കരുണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ 54-ാമത് സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി ഡാനിയേൽ അവാർഡ് സംവിധായകൻ ഷാജി എൻ. കരുണിന് മുഖ്യമന്ത്രി സമ്മാനിച്ചു.

************************

## ONLINE FRAUD

കൊല്ലത്ത് ഓൺലൈൻ കബളിപ്പിക്കലിലൂടെ 5 ലക്ഷത്തോളം രൂപ തട്ടിയെടുത്ത വിദേശ പൗരനെ അറസ്റ്റ് ചെയ്തു. നൈജീരിയ സ്വദേശിയായ മാത്യു എമേക്കാ യെയാണ് കൊട്ടിയം പോലീസ് അറസ്റ്റ് ചെയ്തത്.

*************************************************************************************